പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.186 16.08.2017 ൽ മറുപടിയ്ക്ക്

## കായികക്ഷമതാ മിഷൻ

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

ശ്രീ.കെ.എം ഷാജി

ശ്രീ.എൻ. ഷംസുദ്ദീൻ

ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമത മിഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കിയും വരുന്നു. വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യവകുപ്പുകളുടെ സഹകരണത്തോടുകൂടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) | ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | പദ്ധതി രൂപരേഖ ലഭിയ്ക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| സി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ? | സി) | കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും, നല്ല ആരോഗ്യവും കൈവരിക്കുന്നതിന് നേഴ്സറി തലം മുതൽ നാലാം ക്ളാസ്സ് വരെയും, അഞ്ചാം ക്ളാസ്സ് മുതൽ പത്താം ക്ളാസ്സ് വരെയും പ്ളസ് വൺ & പ്ളസ് ടു വിഭാഗം , യൂണിവേഴ്സിറ്റിതലം, യുവജനവിഭാഗം, മുതിർന്ന പൗരന്മാർ എന്നിങ്ങനെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും, ആരോഗ്യ ശീലങ്ങളും, ആരോഗ്യത്തെക്കുറിച്ചുള്ള പൊതു ബോധവും, ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ.